പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4082 — 21.10.2016 ൽ മറുപടിയ്ക്ക്

## ആർ.ടി. ഓഫീസുകളിലെ ജീവനക്കാരുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളിലും സബ് ആർ.ടി. ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല . |
| (ബി) | പലപ്പോഴും വാഹനങ്ങൾ പരിശോധിക്കേണ്ട ഇത്തരം ജീവനക്കാരുടെ കുറവ് ഗതാഗത വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഗതാഗത കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ വിവിധ തസ്തികകൾ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലവിലെ ജീവനക്കാർക്ക് പുറമേ എത്രപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുവെന്ന് വിശദമാക്കുമോ? | (സി) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ